milma
Malabar Regional Co-operative Milk Producers' Union Ltd.
Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

No:MRU:P&I:15:MLP: 591

19.11.2024

**സർക്കുലർ 1017/2024**

**വിഷയം:- ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലെ ജീവനക്കാർക്ക് കൈമാറുന്നതിലേയ്ക്കായി അധികപാൽവില നൽകുന്നത് സംബന്ധിച്ച്.**

**സൂചന :- മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 19.11.2024 തിയ്യതിയിലെ 76/(GEN)/5-ാം നമ്പർ തീരുമാനം.**

മേൽ സൂചന ഭരണസമിതി തീരുമാന പ്രകാരം, **ദേശീയ ക്ഷീരദിനാഘോഷത്തിന്റെ ഭാഗമായി** 2024 ജൂൺ മാസത്തിൽ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾ മിൽമയ്ക്ക് നൽകിയ പാലളവിന് അനുസൃതമായി കൈകാര്യ ചെലവുകൾക്കായി 2 കോടി രൂപ അധിക പാൽവില നൽകുന്നതിനും, ഈ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത സംഘങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഏതാണ്ട് തുല്യമായി ലഭിക്കത്തക്ക രീതിയിൽ ഈ ആനുകൂല്യം സംഘങ്ങൾ മുഖേന കൈമാറുന്നതിനും, മലബാർ മേഖലാ യൂണിയൻ ഭരണസമിതി തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

മേഖലാ യൂണിയന് 2024 ജൂൺ മാസത്തിൽ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾ നൽകിയ പാലളവിന്റെ അടിസ്ഥാനത്തിൽ സംഘങ്ങളെ വിവിധ സ്ലാബുകളാക്കി തരംതിരിച്ചാണ് ഈ ആനുകൂല്യം അനുവദിക്കുന്നത്. ക്ഷീര സംഘങ്ങൾ നൽകിയ പാലളവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്ലാബുകൾ പ്രകാരം ഓരോ സംഘത്തിനും ലഭിക്കുന്ന തുക സംബന്ധിച്ച അറിയിപ്പ് അതത് ജില്ലാ പി ആന്റ് ഐ യൂണിറ്റ് / സബ് യൂണിറ്റ് മേധാവികൾ സംഘങ്ങളെ അറിയിക്കുന്നതാണ്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി ക്ഷീര സംഘങ്ങളിലെ ജീവനക്കാർക്ക് കൈമാറുന്നതിനായി മേഖലാ യൂണിയൻ അനുവദിച്ച 5 കോടി രൂപയും, ഈ വർഷത്തെ 2 കോടി രൂപയുമടക്കം 7 കോടി രൂപ അധിക പാൽ വിലയായി നൽകാൻ കഴിയുന്നു എന്നത് ഏറെ ശ്രദ്ധേയമായ നേട്ടമാണ്. ഈ തുക 2024 ഡിസംബർ മാസത്തെ 1-ാമത്തെ മിൽക്ക് ബില്ലിനോടൊപ്പം ബിൽ നമ്പർ 4 ആയി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

[signature] 19/11/24

**മാനേജിംഗ് ഡയറക്ടർ**

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 39 (D) H.O. Calicut

എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും.

**പകർപ്പ് : - മേൽ നടപടികൾക്കായി**

(1) ജനറൽ മാനേജർ
(2) സീനിയർ മാനേജർ,കോഴിക്കോട്/പാലക്കാട് ഡെയറി.
(3) എല്ലാ ഡെയറി മാനേജർമാർക്കും
(4) മാനേജർ (പി ആന്റ് ഐ),
(5) മാനേജർ (എം.ഐ.എസ് & എസ്)
(6) മാനേജർ (ഫിനാൻസ്)
(7) ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ
(8) പി&ഐ സബ് യൂണിറ്റ് മേധാവികൾ

**പകർപ്പ് : - അറിവിലേയ്ക്കായി**

(1) ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
(2) മാനേജർ, എം.പി.എഫ് പ്രൊജക്ട്
(3) ആൻസിലിയറി യൂണിറ്റ് ഇൻചാർജ്ജ്, സി.പി.ഡി
(4) പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
(5) പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
(6) അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)
(7)www.mrcmpu.com/E-Stock Files